سِيرَةُ عَبدِ المَلِكِ بنِ عُمَرَ بنِ عَبدِ العَزِيزِ

ഉമർ ബ്നു അബ്ദിൽ അസീസിന്റെ മകൻ

# അബ്ദുൽ മലിക്

رحمهم الله

## മാതൃകാ യോഗ്യനായ ചെറുപ്പക്കാരൻ.

അനസ് നദീരി

بَصَائِرُ
« هَذَا بَصَائِرُ لِلنَّاسِ »
قناة سلفية للعلوم الشرعية

بسم الله الرحمن الرحيم

ഇസ്ലാമിക ചരിത്രത്തിലെ ഒരു സുവർണ്ണ അധ്യായമായിരുന്ന ഖലീഫ ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله യുടെ ഭരണകാലം. അറിവും ഭൗതിക വിരക്തിയും മതനിഷ്ഠയുമെല്ലാം ഒന്നിച്ച ആ പരിഷ്കർത്താവിന്റെ സംഭവബഹുലമായ ജീവിതം നമുക്കെല്ലാം സുപരിചിതമാണ്.

എന്നാൽ അദ്ദേഹത്തിന്റെ മകൻ അബ്ദുൽ മലിക് رحمه الله യെക്കുറിച്ച് അധികമാരും കേട്ടു കാണില്ല. ദീനിന്റെ കാര്യത്തിലും ഭരണ കാര്യത്തിലും പിതാവിന് സഹായവും പലപ്പോഴും വഴികാട്ടിയുമായിരുന്ന അദ്ദേഹം പിതാവിനേക്കാൾ ഒരു പടി മുന്നിലായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. അസാമാന്യമായ പക്വതയും വിവേകവും അങ്ങേയറ്റത്തെ മതനിഷ്ഠയും നിറഞ്ഞ പാണ്ഡിത്യവും ഒത്തു ചേർന്ന ആ അത്ഭുത ജീവിതത്തിന്റെ ആയുസ്സ് വെറും പത്തൊമ്പത് വയസ്സ് മാത്രം..!

'സീറത്തു അബ്ദിൽ മലിക് ബ്നി ഉമർ ബ്നി അബ്ദിൽ അസീസ്'

എന്ന ഇബ്നു റജബ് അൽഹമ്പലി رحمه الله യുടെ ചെറു കൃതിയാണ് ഈ കുറിപ്പിൻന്റെ പ്രധാന അവലംബം. അദ്ദേഹത്തിന്റെ ചരിത്രം ക്രോഡീകരിക്കാനുള്ള കാരണം വിശദീകരിച്ചു കൊണ്ട് ഇബ്നു റജബ് رحمه الله പറയുന്നു:

"ചെറിയ പ്രായത്തിലും ഇബാദത്തിന്റെ കാര്യത്തിൽ വലിയ പരിശ്രമശാലിയായിരുന്ന അദ്ദേഹം ഭൗതിക സൗകര്യങ്ങൾ കൈവശപ്പെടുത്താമായിരുന്നിട്ടും ഭൗതിക വിരക്തിയിൽ തൽപരനായിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ജീവിതം സമപ്രായക്കാരായവർക്ക് അല്ലാഹു മാതൃകയാക്കിയേക്കാം,... ഭൗതിക സൗകര്യങ്ങളിൽ നിന്നും വളരെ വിദൂരത്തായിരുന്നിട്ടും അതിനോട് ആർത്തിയിൽ ജീവിക്കുന്നവർക്കും, കൂടുതൽ കാലം ജീവിച്ചിട്ടും ഒന്നും ചെയ്യാൻ സാധിക്കാത്തവർക്കും ചെറുപ്രായക്കാരനായ ഈ ഉത്തമ നേതാവിന്റെ ജീവിതം കുറ്റപ്പെടുത്തലും ആക്ഷേപവുമാണ്..."

# അദ്ദേഹത്തിന്റെ ഇബാദത്ത്

ശാമുകാരായ ശൈഖുമാർ പറയാറുണ്ട്:

"മകൻ അബ്ദുൽ മലിക് رحمه الله യെ കണ്ടാണ് ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله ഇബാദത്തുകളിലേക്ക് പ്രവേശിക്കുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്."

ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله യുടെ സഹോദര പുത്രൻ ആസ്വിം പറയുന്നു: "ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله യുടെ കൂടെ ഞങ്ങൾ സുലൈമാൻ ബ്നു അബ്ദിൽ മലികിന്റെ അടുത്തേക്ക് ചെന്നപ്പോൾ അബ്ദുൽ മലികിന്റെ അടുത്താണ് ഞാൻ താമസിച്ചത്. ഇശാഅ് നിസ്കാരം കഴിഞ്ഞപ്പോൾ എല്ലാവരും കിടക്കാനായി അവരുടെ വിരിപ്പിലേക്ക് നീങ്ങി. ഉടനെ അബ്ദുൽ മലിക് എഴുന്നേറ്റ് വിളക്ക് അണച്ച് നിസ്കരിക്കാൻ തുടങ്ങി. ഇടക്ക് ഞാൻ ഉറക്കിൽ നിന്ന് എഴുന്നേറ്റപ്പോൾ അദ്ദേഹം സൂറത്തു അശ്ശുഅറാഇലെ,

(أَفَرَءَيتَ إِن مَّتَّعنَـٰهُم سِنِينَ ○ ثُمَّ جَاءَهُم مَّا كَانُوا يُوعَدُونَ ○ مَا أَغنَىٰ عَنهُم مَّا كَانُوا يُمَتَّعُونَ)

എന്നീ ആയത്തുകൾ പാരായണം ചെയ്ത് കൊണ്ട് കരയുകയും, വീണ്ടും വീണ്ടും ആവർത്തിച്ച് അത് തന്നെ ഓതി കൊണ്ടിരിക്കുകയും ചെയ്യുന്നു. കരച്ചിലിന്റെ ശക്തി കാരണം മരിച്ച് പോകുമോ എന്ന് തോന്നിയപ്പോൾ അദ്ദേഹം അത് നിർത്താനായി ഞാൻ ഉറക്കിൽ നിന്ന് എഴുന്നേൽക്കുന്നത് പോലെ ഉറക്കെ ദിക്ർ ചൊല്ലി. അത് കേട്ടപ്പോൾ അദ്ദേഹം നിശബ്ദനായി. ശേഷം അദ്ദേഹത്തിന്റെ അനക്കം പോലും ഞാൻ കേട്ടില്ല.

# അറിവും പാണ്ഡിത്യവും

ത്വലാഖ് ചൊല്ലപ്പെട്ട സ്ത്രീയുടെ ഇദ്ദയുടെ കാലയളവ് നിർണയിക്കുന്ന 'ഖുർഅ്' കൊണ്ട് ഉദ്ദേശ്യം എന്താണെന്നത് ഇബ്നു അബ്ബാസിൽ നിന്നും ഉദ്ധരിച്ചു കൊണ്ട് മദീനയിലെ ഫുഖഹാക്കളിൽപ്പെട്ട മഹാ പണ്ഡിതനായ സുലൈമാൻ ബ്നു യസാർ رحمه الله യോട് അദ്ദേഹം സംവദിക്കുന്നതായി ഇബ്നു അബീ ഖുസൈമ തന്റെ താരീഖിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയാണ് അത് സൂചിപ്പിക്കുന്നത്.

ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله ഒരിക്കൽ ആളുകളെ വിളിച്ചുകൂട്ടി മുൻ ഭരണാധികാരി ഹജ്ജാജ് അന്യായമായി ആളുകളിൽ നിന്ന് കൈവശപ്പെടുത്തിയ സ്വത്തുക്കൾ തിരിച്ച് നൽകുന്നതിനെ കുറിച്ച് കൂടിയാലോചന നടത്തി.

"അല്ലയോ അമീറുൽ മുഅ്മിനീൻ, അത് താങ്കളുടെ അധികാരത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും പുറത്തുള്ള കാര്യമാണ്" എന്നായിരുന്നു ചോദിക്കുന്നവരുടെയെല്ലാം മറുപടി. എന്നാൽ തന്റെ അവസരമെത്തിയപ്പോൾ മകൻ അബ്ദുൽ മലിക് പറഞ്ഞു:

"ഉപ്പാ, ആർക്ക് ഈ സ്വത്തുക്കൾ തിരിച്ചു നൽകാൻ സാധിക്കുകയും, എന്നിട്ട് അത് ചെയ്യാതിരിക്കുകയും ചെയ്യുന്നുവോ അവരും ഹജ്ജാജിനോടൊപ്പം അതിന്റെ കുറ്റത്തിൽ പങ്കാളികളായിരിക്കും."

ഇതു കേട്ടപ്പോൾ ഖലീഫ رحمه الله പറഞ്ഞു:

"നീ എന്റെ മകനല്ലായിരുന്നുവെങ്കിൽ ജനങ്ങളിൽ ഏറ്റവും പാണ്ഡിത്യമുള്ളവൻ നീയാണ് എന്ന് ഞാൻ പറയുമായിരുന്നു."

ഇബ്നു റജബ് رحمه الله പറയുന്നു:

"ഇവിടെ അബ്ദുൽ മലിക് പറഞ്ഞതും അതിന്റെ പേരിൽ ഖലീഫ ഉമർ അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്ത വീക്ഷണമാണ് ശരി.

തങ്ങൾക്ക് മുമ്പുള്ള ഭരണാധികാരി അന്യായമായി പിടിച്ചെടുത്ത സ്വത്തുക്കൾ തിരികെ നൽകാൻ സാധിക്കുമെങ്കിൽ അത് തിരികെ നൽകൽ നിലവിലെ ഭരണാധികാരിക്ക് നിർബന്ധമാണ്."

അദ്ദേഹം തുടരുന്നു:

" മുൻഗാമികൾ പണ്ഡിതന്മാരെ മൂന്ന് വിഭാഗമായി വിശദീകരിക്കാറുണ്ട്;

**ഒന്നാമത്തെ വിഭാഗം:** അല്ലാഹുവിനെ കുറിച്ച് അറിവുള്ളവരും, അവനെ ഭയപ്പെടുകയും സ്നേഹിക്കുകയും അവനിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവർ. അവരാണ് അല്ലാഹുവിനെ കുറിച്ച് പാണ്ഡിത്യമുള്ള പണ്ഡിതന്മാർ.

**രണ്ടാമത്തെ വിഭാഗം:** അല്ലാഹുവിന്റെ മതവിധികളെ കുറിച്ചും അവന്റെ കൽപ്പനകളെയും വിലക്കുകളെയും കുറിച്ചും പാണ്ഡിത്യമുള്ളവർ.

**മൂന്നാമത്തെ വിഭാഗം:** ഇവ രണ്ടിലും പാണ്ഡിത്യമുള്ളവർ. അഥവാ, അല്ലാഹുവിനെ കുറിച്ചും അവന്റെ മതവിധികളെ കുറിച്ചും അവഗാഹമുള്ളവർ. അവരാണ് പണ്ഡിതന്മാരുടെ കൂട്ടത്തിൽ ഏറ്റവും ഉത്തമർ. ഖലീഫ ഉമറും മകൻ അബ്ദുൽ മലിക്കും ഈ ഗണത്തിൽ പെട്ടവരാണ്.

# ഭൗതിക വിരക്തിയും ലാളിത്യവും

ഖലീഫ ഒരിക്കൽ മൈമൂൻ ബ്നു മിഹ്റാൻ رحمه الله യോട് അബ്ദുൽ മലിക്കിന്റെ അടുക്കൽ പോകാൻ ആവശ്യപ്പെട്ടു. അവിടെ ചെന്നപ്പോൾ അദ്ദേഹത്തിനുള്ള ഭക്ഷണം തയ്യാറായിരുന്നു. എല്ല് പാചകം ചെയ്തതും റൊട്ടിയും, മാംസത്തിനു പകരം കൂടുതൽ നെയ്യ് നിറഞ്ഞതുമായ സരീതും (റൊട്ടിയും മാംസവും കറിയും ചേർത്ത് തയ്യാറാക്കുന്ന ഒരു വിഭവം) കൂടെ ഈത്തപ്പഴവും വെണ്ണയുമായിരുന്നു അദ്ദേഹത്തിനായി തയ്യാറാക്കപ്പെട്ടത്.

ഇത് കണ്ടപ്പോൾ മൈമൂൻ رحمه الله ചോദിച്ചു: "ഖലീഫയോട് പറയുകയാണെങ്കിൽ താങ്കൾക്ക് പ്രത്യേകമായ ഭക്ഷണം തയ്യാറാക്കുമായിരുന്നല്ലോ..? പക്ഷേ അദ്ദേഹം അത് നിരസിക്കുകയാണ് ഉണ്ടായത്.

ഈ സംഭവത്തിന്റെ ചില റിപ്പോർട്ടുകളിൽ മൈമൂൻ ബ്നു മിഹ്റാൻ رحمه الله പറയുന്നതായി കാണാം:

"ഞാൻ അബ്ദുൽ മലിക്കിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ വളരെ കുറഞ്ഞ ഭക്ഷണം മാത്രമായിരുന്നു അദ്ദേഹത്തിന്റെ മുന്നിൽ ഉണ്ടായിരുന്നത്. അദ്ദേഹത്തിന് തികയാതെ വരും എന്നതുകൊണ്ട് മാത്രമാണ് ഞാൻ അദ്ദേഹത്തിന്റെ കൂടെയിരുന്ന് ഭക്ഷണം കഴിക്കാതിരുന്നത്."

മൈമൂൻ ബ്നു മിഹ്റാൻ رحمه الله പറയുന്നു:

ഒരിക്കൽ ഖലീഫ ഉമർ എന്നോട് പറഞ്ഞു:

"എന്റെ മകൻ അബ്ദുൽ മലിക്കിന്റെ കാര്യത്തിൽ ഞാൻ വളരെ സന്തുഷ്ടനാണ്. അവൻ യഥാർത്ഥത്തിൽ ഞാൻ കരുതുന്നത് പോലെയാണോ അതല്ല ഒരു പിതാവിന് മകനോട് തോന്നുന്നത് മാത്രമാണോ ഇത് എന്നെനിക്കറിയില്ല. അതുകൊണ്ട് താങ്കൾ അവന്റെ അടുക്കൽ ചെന്ന് ഒന്ന് നിരീക്ഷിക്കണം.

ഞാൻ കരുതുന്നത് പോലെ തന്നെയാണ് അവനെങ്കിൽ എന്നെ അറിയിക്കണം. അതിന്റെ പേരിൽ എനിക്ക് അല്ലാഹുവിനെ സ്തുതിക്കാം. അല്ലായെങ്കിൽ താങ്കൾ അവനെ ഗുണദോഷിക്കണം. അവൻ താങ്കളുടെ സഹോദര പുത്രൻ മാത്രമാണ്."

അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നപ്പോൾ പഴകിയ ഒരു രോമം കൊണ്ടുള്ള പാത്രവും, ദ്രവിച്ച തുടങ്ങിയ ഒരു പരുക്കൻ വസ്ത്രവും, കണ്ടാൽ അലിവ് തോന്നുന്ന തരത്തിലുള്ള ഒരു തലയണയുമാണ് അവിടെ ഉണ്ടായിരുന്നത്. എനിക്ക് അദ്ദേഹം ഇരിക്കാൻ സൗകര്യം ചെയ്ത് തരികയും അദ്ദേഹത്തിന് അഭിമുഖമായി ഞാൻ ഇരിക്കുകയും ചെയ്തു. അപ്പോൾ അവിടെയുള്ള ഭക്ഷണത്തളികയിൽ മൂന്ന് റൊട്ടിക്കഷ്ണങ്ങളും മറ്റൊരു പാത്രത്തിൽ സുർക്കയും എണ്ണയുമുണ്ടായിരുന്നു.

ഞാൻ ചോദിച്ചു:

ഇതാണോ എല്ലാ ദിവസവും താങ്കളുടെ ഭക്ഷണം..?!

അദ്ദേഹം പറഞ്ഞു:

“അമീറുൽ മുഅ്മിനീൻ ദിവസങ്ങളെ മൂന്നായി തിരിച്ചിട്ടുണ്ട്. ഒരു ദിവസം റൊട്ടിയും മാംസവും, അടുത്ത ദിവസം പാലും, മൂന്നാമത്തെ ദിവസം റൊട്ടിയും എണ്ണയും.”

# വിവേകവും പക്വതയും

പിതാവ് ദേഷ്യപ്പെടുമ്പോൾ ‘ എന്താണ് ഇങ്ങനെ ദേഷ്യപ്പെടുന്നത്, എന്താണ് ഈ വെപ്രാളം?’ എന്ന് ചോദിച്ചു കൊണ്ട് അദ്ദേഹം പിതാവിനെ ഉണർത്താറുണ്ടായിരുന്നു.

“ഒരു പിതാവിന്റെ കണ്ണിൽ തന്റെ മകനെ കുറിച്ച് നന്നായി തോന്നും എന്നത് എന്റെ കാര്യത്തിൽ ഇല്ലായിരുന്നുവെങ്കിൽ അവൻ ഖിലാഫത്തിന് യോഗ്യനാണെന്ന് ഞാൻ അഭിപ്രായപ്പെടുമായിരുന്നു“ എന്ന് ഖലീഫ ഉമർ رحمه الله അദ്ദേഹത്തെക്കുറിച്ച് പറയാറുണ്ടായിരുന്നു.

ഒരിക്കൽ അബ്ദുൽ മലിക് ഉള്ള ഒരു സദസ്സിൽ വച്ച് ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله വളരെ ശക്തമായി ദേഷ്യപ്പെടുകയുണ്ടായി. കോപം അടങ്ങിയപ്പോൾ അബ്ദുൽ മലിക് അദ്ദേഹത്തോട് ചോദിച്ചു:

“അല്ലയോ അമീറുൽ മുഅ്മിനീൻ, അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹങ്ങളിലും ഉന്നതമായ സ്ഥാനത്തിലുമാണ് താങ്കളുള്ളത്. അല്ലാഹു അവന്റെ അടിമകളുടെ കാര്യം താങ്കളെ ഏൽപ്പിച്ചു എന്നിരിക്കെ താങ്കൾ ഈ കാണുന്ന രൂപത്തിൽ ദേഷ്യപ്പെടുകയാണോ..?! എന്താണ് നീ പറയുന്നത് എന്ന് ഖലീഫ ചോദിച്ചപ്പോൾ അബ്ദുൽ മലിക് അതേ വാചകങ്ങൾ ആവർത്തിച്ചു.

ഖലീഫ ചോദിച്ചു:

അബ്ദുൽ മലിക്, നീ ദേഷ്യപ്പെടാറില്ലേ..?

അദ്ദേഹം പറഞ്ഞു:

“ഞാൻ ദേഷ്യപ്പെടുമ്പോൾ ഞാൻ വെറുക്കുന്ന ഒന്നും തന്നെ എന്നിൽ നിന്നുണ്ടാകാതെ ആ ദേഷ്യത്തെ അടക്കി വെക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്റെ വിശാലമായ വയറുകൊണ്ട് എനിക്കെന്തു ഉപകാരമാണുള്ളത്.”

ഈ സംഭവം റിപ്പോർട്ട് ചെയ്ത ഇസ്മാഈൽ ബ്നു അബിൽ ഹകം പറയുന്നു: അദ്ദേഹത്തിന് ചെറിയൊരു വയറായിരുന്നു ഉണ്ടായിരുന്നത്.

# മരണചിന്തയും പരലോകബോധവും

ഖലീഫയായിരുന്ന സുലൈമാൻ ബ്നു അബ്ദിൽ മലിക് رحمه الله യെ ഖബറടക്കി ജനങ്ങളോട് ഖുത്വുബ നിർവഹിച്ചതിനു ശേഷം ഉച്ചയുറക്കത്തിനായി പോയതായിരുന്നു ഖലീഫ ഉമർ ബ്നു അബ്ദിൽ അസീസ്. ഇതറിഞ്ഞ മകൻ അബ്ദുൽ മലിക് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നുകൊണ്ട് പറഞ്ഞു:

"അല്ലയോ അമീറുൽ മുഅ്മിനീൻ, ജനങ്ങളിൽ നിന്ന് അന്യായമായി പിടിച്ചെടുക്കപ്പെട്ടത് അവർക്ക് തിരികെ നൽകാൻ ദ്വുഹ്ർ വരെ താങ്കൾ ജീവിച്ചിരിക്കുമെന്ന് ആരാണ് താങ്കൾക്ക് ഉറപ്പ് നൽകിയത്..?!"

ഉടനെ ഖലീഫ മകനോട് അടുത്ത് വരാൻ ആവശ്യപ്പെടുകയും ആലിംഗനം ചെയ്തു കൊണ്ട് നെറ്റിയിൽ ചുംബിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു:

"എന്റെ മക്കളിൽ ദീനിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരെ തന്ന അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും."

ശേഷം ഉറക്കം ഉപേക്ഷിച്ച് അദ്ദേഹം പുറത്തേക്കിറങ്ങി. സമ്പത്ത് ലഭിക്കാനുള്ളവർ അത് ആവശ്യപ്പെടാൻ പറഞ്ഞു കൊണ്ട് ഉടനെ തന്നെ അദ്ദേഹം ജനങ്ങളിലേക്ക് ആളെ അയച്ചു.

മറ്റൊരിക്കൽ ആളുകളുടെ ആവശ്യങ്ങൾ കേൾക്കാനായി അവരുടെ കൂടെയിരുന്ന ഖലീഫക്ക് ഉച്ച സമയമായപ്പോൾ ക്ഷീണവും തളർച്ചയും തോന്നി. "ഞാൻ തിരിച്ചു വരുന്നത് വരെ നിങ്ങൾ നിങ്ങളുടെ കാര്യങ്ങളിൽ വ്യാപൃതരായി കൊള്ളുക" എന്ന് ജനങ്ങളോട് പറഞ്ഞു കൊണ്ട് അദ്ദേഹം കുറച്ച് സമയം വിശ്രമിക്കാനായി പോയി. ഇതറിഞ്ഞ മകൻ അബ്ദുൽ മലിക് അദ്ദേഹത്തെ കാണാൻ അനുവാദം വാങ്ങി. അദ്ദേഹത്തിന്റെ അടുക്കൽ പ്രവേശിച്ച് കൊണ്ട് എന്തുപറ്റിയെന്ന് അന്വേഷിച്ചു. കുറച്ചു സമയം വിശ്രമിക്കാൻ ഉദ്ദേശിക്കുന്നു എന്ന് പറഞ്ഞപ്പോൾ അബ്ദുൽ മലിക് പറഞ്ഞു:

"താങ്കളെ കാണാൻ സാധിക്കാതെ ജനങ്ങൾ പുറത്ത് കാത്തിരിക്കെ താങ്കൾക്ക് മരണം വരുമെന്ന് താങ്കൾ ഭയപ്പെടുന്നില്ലേ..?"

ഇതു കേട്ടയുടനെ തന്നെ ഖലീഫ എഴുന്നേറ്റ് ജനങ്ങളുടെ അടുത്തേക്ക് ഇറങ്ങി.

ഖലീഫയുടെ മറ്റൊരു മകൻ മരണപ്പെട്ടപ്പോൾ അദ്ദേഹം മയ്യിത്തിന്റെ തലയുടെ അരികിൽ ഇരുന്ന് മുഖത്തുനിന്ന് കഫൻ പുടവ മാറ്റി മുഖത്തേക്ക് നോക്കിക്കൊണ്ട് കണ്ണീരൊഴുക്കാൻ തുടങ്ങി. അപ്പോൾ അബ്ദുൽ മലിക് رحمه الله അദ്ദേഹത്തോട് പറഞ്ഞു: "അല്ലയോ അമീറുൽ മുഅ്മിനീൻ, മരണം വരുമെന്നതാണോ താങ്കളെ വ്യാപൃതനാക്കുന്നത് അതല്ല താങ്കൾക്ക് ലഭിച്ച ഭൗതിക സൗകര്യങ്ങളിൽ വ്യാപൃതനാകാനുള്ള താൽപര്യമാണോ...?" ഇതുകേട്ടപ്പോൾ ഖലീഫ ഉമർ കരഞ്ഞു കൊണ്ട് പറഞ്ഞു:

" മോനേ, അല്ലാഹു നിനക്ക് റഹ്മത്ത് ചെയ്യട്ടെ. അല്ലാഹുവാണെ സത്യം, നീ നിന്റെ ഉപ്പാക്ക് അങ്ങേയറ്റം ബറകത്തുള്ളവനാണ്. നിന്റെ ഉപദേശങ്ങൾ എനിക്ക് പ്രയോജനപ്രദമാണ്. അല്ലാഹുവാണെ സത്യം, നീ ഇപ്പോൾ കണ്ടത് നിന്റെ സഹോദരന്റെ മരണത്തിലുള്ള എന്റെ അക്ഷമയല്ല. മറിച്ച് മരണത്തിന്റെ മലക്ക് എന്റെ വീട്ടിൽ പ്രവേശിച്ചു എന്നത് എന്നെ ഭയപ്പെടുത്തി. അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്."

## ഉറച്ച നിലപാടുകളും സത്യം നടപ്പിലാക്കാനുള്ള കഠിന പരിശ്രമവും

ഒരിക്കൽ ഖലീഫ ശാമിലെ പണ്ഡിതന്മാരെ വിളിച്ചു കൂട്ടിക്കൊണ്ട് ചോദിച്ചു:

"വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിനു വേണ്ടിയാണ് ഞാൻ നിങ്ങളെ വിളിച്ചു കൂട്ടിയിരിക്കുന്നത്. എന്റെ മുമ്പിലുള്ള അന്യായമായി പിടിച്ചെടുത്ത ഈ സ്വത്തുക്കൾ എന്നെ അലോസരപ്പെടുത്തിയിരിക്കുന്നു. അക്കാര്യത്തിൽ എന്താണ് നിങ്ങൾ അഭിപ്രായപ്പെടുന്നത്..?"

അവർ പറഞ്ഞു:

"അതിന്റെ കുറ്റം അത് പിടിച്ചെടുത്തവർക്ക് മാത്രമാണ് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്."

ശേഷം അദ്ദേഹം മകനോട് ചോദിച്ചു: മോനെ, എന്താണ് നിന്റെ അഭിപ്രായം...?

അദ്ദേഹം പറഞ്ഞു:

"അവകാശികൾക്ക് അത് തിരിച്ചു കൊടുക്കാൻ സാധിച്ചിട്ട് അത് ചെയ്യാതിരിക്കുന്നവരും അന്യായമായത് പിടിച്ചെടുത്തവരും ഒരുപോലെയാണ് എന്നാണ് എന്റെ അഭിപ്രായം."

ഇത് കേട്ടപ്പോൾ ഖലീഫ പറഞ്ഞു:

"മോനെ, നീ പറഞ്ഞതാണ് സത്യം. എന്റെ വീട്ടുകാരിൽ നിന്ന് എന്റെ മകനെ എനിക്ക് സഹായിയായി നിശ്ചയിച്ചു തന്ന അല്ലാഹുവിനാണ് സർവ്വസ്തുതിയും."

മുൻ ഭരണാധികാരികൾ തനിക്ക് പകുത്ത് നൽകിയ ഭൂമി തിരികെ ബൈതുൽ മാലിലേക്ക് മടക്കി നൽകാൻ തീരുമാനിച്ചപ്പോൾ അക്കാര്യത്തിൽ ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله യെ പിന്തുണക്കുകയും, അതിൽ ധൃതി കാണിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തത് മകൻ അബ്ദുൽ മലിക് ആയിരുന്നു.

ദ്വുഹ്ർ നിസ്കാര ശേഷം തീരുമാനം നടപ്പിലാക്കാം എന്ന് കരുതിയ ഖലീഫയുടെ അടുത്തേക്ക് അദ്ദേഹം കയറിച്ചെന്നു കൊണ്ട് പറഞ്ഞു:

“അല്ലയോ അമീറുൽ മുഅ്മിനീൻ, ദ്വുഹ്ർ വരെ ജീവിച്ചിരിക്കുമെന്ന് ആരാണ് താങ്കൾക്ക് ഉറപ്പ് നൽകിയത്..?! ഇനി ജീവിച്ചിരിക്കുകയാണെങ്കിൽ തന്നെ അതുവരെ താങ്കളുടെ തീരുമാനത്തിൽ മാറ്റമുണ്ടാകില്ല എന്ന് ആരാണ് ഉറപ്പു നൽകിയത്..?!”

അദ്ദേഹം പിതാവിനോട് ചോദിക്കാറുണ്ടായിരുന്നു:

“അല്ലയോ അമീറുൽ മുഅ്മിനീൻ, ഒരു സത്യം നടപ്പിൽ വരുത്താതെ, നിലവിലുള്ള ഒരു ബാത്വിലിനെ നിർത്തലാക്കാതെ അല്ലാഹുവിന്റെ അടുക്കൽ ചെന്നാൽ താങ്കൾ എന്ത് മറുപടി പറയും..?!”

ചില റിപ്പോർട്ടുകളിൽ കാണാം:

“ബിദ്അത്ത് കണ്ടിട്ട് എന്തുകൊണ്ട് അത് നശിപ്പിച്ചില്ല, സുന്നത്ത് വിസ്മരിക്കപ്പെട്ടതായി കണ്ടിട്ട് എന്തുകൊണ്ട് ജീവിപ്പിച്ചില്ല എന്ന് നാളെ റബ്ബ് ചോദിച്ചാൽ താങ്കൾ എന്ത് മറുപടി പറയും..?!”

ഒരിക്കൽ അദ്ദേഹത്തിന്റെ ഭാര്യ പുരുഷന്മാരെ പോലെ തുണിയും കുപ്പായവും ചെരിപ്പും ധരിച്ച് കൊണ്ട് വന്നു. ഇത് കണ്ടയുടനെ അദ്ദേഹം അവരെ ത്വലാഖ് ചൊല്ലി. ഇബ്നു റജബ് رحمه الله പറയുന്നു: “പുരുഷന്മാരോട് സാദൃശ്യപ്പെട്ടുകൊണ്ട് വസ്ത്രം ധരിച്ചത് കാരണത്താലാണ് അദ്ദേഹം അവരെ ത്വലാഖ് ചൊല്ലിയത്. പുരുഷന്മാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളേയും, സ്ത്രീകളോട് സാദൃശ്യപ്പെടുന്ന പുരുഷന്മാരെയും അല്ലാഹുവിന്റെ റസൂൽ ﷺ ശപിച്ചിട്ടുണ്ട്.”

## അല്ലാഹുവിന്റെ കൽപ്പനകൾ നടപ്പിലാക്കുന്ന മാർഗത്തിൽ എന്തും നേരിടാനുള്ള ഈമാൻ

പിതാവിനോട് അദ്ദേഹം പറഞ്ഞു:

"ഉപ്പാ, താങ്കൾ ഉദ്ദേശിക്കുന്ന നീതി നടപ്പിലാക്കാൻ എന്താണ് താങ്കൾക്ക് തടസ്സമാകുന്നത്..? അക്കാര്യത്തിൽ എനിക്കും താങ്കൾക്കും ചട്ടിയിൽ തിളക്കുന്നത് പോലുള്ള പ്രയാസങ്ങൾ നേരിടേണ്ടി വന്നാലും ഞാനത് കാര്യമാക്കുന്നില്ല."

## അന്യായം സംഭവിച്ച് പോകാതിരിക്കാനുള്ള ശ്രദ്ധ

കുറ്റകൃത്യങ്ങളും തിന്മകളും ചെയ്യുന്നവരെ ശിക്ഷിക്കുന്ന കാര്യത്തിൽ അദ്ദേഹം ഇടപെടാറില്ലായിരുന്നു. മതപരമായി അനുവദിക്കപ്പെട്ട പരിധി ലംഘിക്കപ്പെടുമോ, അല്ലെങ്കിൽ അന്യായമായി അക്രമം ചെയ്തുവെന്ന് ആരോപിക്കപ്പെടുമോ എന്ന ഭയമായിരുന്നു അദ്ദേഹത്തിന്.

# രോഗവും മരണവും

പിതാവിന്റെ ഭരണകാലത്ത് തന്നെ അദ്ദേഹത്തിന് പ്ലേഗ് ബാധിക്കുകയും അതിനെ തുടർന്ന് മരണപ്പെടുകയും ചെയ്തു. ഭരണാധികാരികളും അവരുടെ മക്കളും മരണപ്പെട്ടാൽ സംഘടിപ്പിക്കാറുള്ള വിലാപ ചടങ്ങുകൾ വിലക്കിക്കൊണ്ട് ഖലീഫ ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله കൂഫയിലെ തന്റെ പ്രതിനിധിക്ക് കത്തെഴുതി. അല്ലാഹുവിനോടുള്ള സ്നേഹത്തിന് എതിരാകുന്ന സ്നേഹം മറ്റെന്തിനോടും ഉണ്ടാകുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു എന്നും, ഒരാളെയും ഇതിന് അനുവദിക്കരുത് എന്നും ഇക്കാര്യത്തിൽ താങ്കൾക്ക് ഒരു ആക്ഷേപവും ഉണ്ടാകില്ല എന്നും അദ്ദേഹം എഴുതി അറിയിച്ചു.

അടുത്തടുത്ത സമയങ്ങളിലായാണ് ഖലീഫക്ക് തന്റെ സഹോദരനെയും ഭൃത്യൻ മുസാഹിമിനെയും മകൻ അബ്ദുൽ മലിക്കിനെയും നഷ്ടപ്പെടുന്നത്. അബ്ദുൽ മലിക് മരണപ്പെട്ടപ്പോൾ അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്ത ശേഷം അദ്ദേഹം പറഞ്ഞു:

"തുണിയിൽ പൊതിഞ്ഞു കൊണ്ട് സ്ത്രീകൾ ഇവനെ എനിക്ക് കൈമാറിയ അന്നുമുതൽ ഇന്നുവരെ സന്തോഷവും കൺകുളിർമയും ഇവനിൽ ഞാൻ അനുഭവിക്കുന്നുണ്ട്. അതിൽ ഏറ്റവും കൂടുതൽ എനിക്ക് കൺകുളിർമ തോന്നിയത് ഇന്ന് ഞാൻ ഇവനിൽ കാണുന്ന കാര്യമാണ്."

## മരണപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പ്രായം

പത്തൊമ്പത് വയസ്സായിരുന്നു മരണപ്പെടുമ്പോൾ അദ്ദേഹത്തിനെന്ന് ഒന്നിലധികം പേർ പറഞ്ഞതായി കാണാം.

ഇബ്നുൽ ജൗസി رحمه الله പറയുന്നു:

"അദ്ദേഹത്തിന്റെ പ്രായം എത്രയാണെന്ന് ഉറപ്പിച്ച് പറയാവുന്ന കാര്യമല്ല. പക്ഷേ പിതാവിന്റെ ജീവിത കാലത്ത് തന്നെ കുട്ടിയായിരിക്കെയാണ് അദ്ദേഹം മരണപ്പെടുന്നത്."

## ഉലമാക്കളുടെ പ്രശംസകൾ

പിതാവ് ഉമർ ബ്നു അബ്ദുൽ അസീസ് رحمه الله അദ്ദേഹത്തെ പുകഴ്ത്തിയതും പ്രശംസിച്ചതുമായ വാചകങ്ങൾ ചിലത് നാം വായിക്കുകയുണ്ടായി. ഒരിക്കൽ അദ്ദേഹം മകനോട് പറഞ്ഞു:

"അബ്ദുൽ മലിക്, ഒരു കാര്യം ഞാൻ പറഞ്ഞു തരാം. അല്ലാഹുവാണെ സത്യം, നിന്നേക്കാൾ ഇബാദത്തുകളിൽ ശ്രദ്ധയുള്ള, നിന്നേക്കാൾ പാണ്ഡിത്യമുള്ള, നിന്നേക്കാൾ ഖുർആനിൽ അറിവുള്ള, നിന്നേക്കാൾ പക്വതയുള്ള ഒരു ചെറുപ്പക്കാരനെയും ഞാൻ കണ്ടിട്ടില്ല.."

മയ്യിത്ത് സംസ്കരണത്തിന് ശേഷം ഖബ്റിന്റെ അടുത്ത് നിന്ന് അദ്ദേഹം മകനെ പുകഴ്ത്തുന്നത് കേട്ടപ്പോൾ ഒരാൾ ചോദിച്ചു:

"മകൻ ജീവിച്ചിരിക്കുകയായിരുന്നെങ്കിൽ താങ്കൾ അദ്ദേഹത്തെ അടുത്ത ഖിലാഫത്തിന്റെ അവകാശിയായി കരാർ ചെയ്യുമായിരുന്നോ..?

അദ്ദേഹം പറഞ്ഞു: ഇല്ല.

അയാൾ ചോദിച്ചു: ഇത്രയും പ്രശംസിക്കുന്ന നിങ്ങൾ എന്തുകൊണ്ട് അത് ചെയ്യില്ല..?

അദ്ദേഹം പറഞ്ഞു:

"പിതാവിന്റെ കണ്ണിൽ മക്കളുടെ കാര്യം ഭംഗിയായി തോന്നുമെന്നത് എന്റെ കാര്യത്തിലും സംഭവിച്ചിട്ടുണ്ടാകാമെന്ന് ഞാൻ ഭയപ്പെടുന്നു."

മൈമൂൻ ബ്നു മിഹ്റാൻ رحمه الله പറയുന്നു:

"ഉമർ ബ്നു അബ്ദിൽ അസീസ്, അദ്ദേഹത്തിന്റെ മകൻ അബ്ദുൽ മലിക്, അവരുടെ ഭൃത്യൻ മുസാഹിം, ഒരു വീട്ടിൽ ഇതിനേക്കാൾ ഉത്തമരായ മൂന്നാളുകൾ ഒന്നിച്ചതായി ഞാൻ കണ്ടിട്ടില്ല."

മകനും സഹോദരനും ഭൃത്യനും തുടർച്ചയായ ദിവസങ്ങളിൽ മരണപ്പെട്ടപ്പോൾ ഖലീഫ ഉമറിനെ ആശ്വസിപ്പിച്ചു കൊണ്ട്

റബീഅ് ബ്നു സുബ്റ رحمه الله പറഞ്ഞു:

" അല്ലാഹുവാണെ സത്യം, താങ്കളുടെ മകനെ പോലെ ഒരു മകനെയോ, താങ്കളുടെ സഹോദരനെ പോലെ ഒരു സഹോദരനെയോ, താങ്കളുടെ ഭൃത്യനെ പോലെ ഒരു ഭൃത്യനെയോ ഞാൻ കണ്ടിട്ടില്ല."

സയ്യാർ ബ്നുൽ ഹകം رحمه الله പറയുന്നു:

"ഉമർ ബ്നു അബ്ദിൽ അസീസ് رحمه الله യുടെ മകൻ അബ്ദുൽ മലിക് رحمه الله യെ ആളുകൾ പിതാവിനേക്കാൾ ശ്രേഷ്ഠനായി കാണാറുണ്ടായിരുന്നു."